REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 23-07-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

1. കർഷകർ, സ്ത്രീകൾ, പാവപ്പെട്ടവർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രാധാന്യം നൽകി മൂന്നാം നരേന്ദ്രമോദി ഗവൺമെന്റിന്റെ ആദ്യ ബജറ്റ് ധനമന്ത്രി നിർമ്മലാ സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു.
2. ആദായ നികുതി നിയമം പുനഃപരിശോധിക്കും. പുതിയ നികുതി സമ്പ്രദായത്തിൽ സ്റ്റാൻഡേർഡ് സിഡക്ഷൻ 50,000 രൂപയിൽ നിന്ന് 75,000 ആക്കി. പഴയ പെൻഷൻ പദ്ധതിയിൽ മാറ്റമില്ല. പുതിയ പദ്ധതിയിൽ മാറ്റങ്ങൾ വരുത്താൻ നടപടി പുരോഗമിക്കുന്നതായും ധനമന്ത്രി. രാജ്യത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കും . നാല് കോടി യുവാക്കൾക്ക് തൊഴിലസവരം ലക്ഷ്യമിട്ട് നൈപുണ്യ നയം വികസിപ്പിക്കുമെന്നും ധനമന്ത്രി പറഞ്ഞു.
3. കാർഷിക മേഖലയ്ക്ക് 1.52 ലക്ഷം കോടി രൂപ വകയിരുത്തി. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന 109 വിളകൾ കർഷകർക്ക് ലഭ്യമാക്കും.
4. സ്വർണത്തിനും വെള്ളിയ്ക്കും കാൻസർ മരുന്നുകൾക്കും വില കുറയും. പ്ലാസ്റ്റിക്കുകൾക്ക് വില കൂടും.
5. കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുന് വേണ്ടി തിരച്ചിൽ തുടരുന്നു.
6. ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ വൈകിട്ട് ഇന്ത്യ നേപ്പാളിനെ നേരിടും.

## വാർത്തകൾ വിശദമായി

കർഷകർ, സ്ത്രീകൾ, പാവപ്പെട്ടവർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രാധാന്യം നൽകി മൂന്നാം നരേന്ദ്രമോദി ഗവൺമെന്റിന്റെ ആദ്യ ബജറ്റ് ധനമന്ത്രി നിർമ്മലാ സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. തൊഴിൽ, മധ്യവർഗ, ചെറുകിട, ഇടത്തരം മേഖലകൾക്കും, ബജറ്റിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ആദായ നികുതി നിയമം പുനഃപരിശോധിക്കും.

പുതിയ നികുതി സമ്പ്രദായത്തിൽ സ്റ്റാൻഡേർഡ് സിഡക്ഷൻ 50,000 രൂപയിൽ നിന്ന് 75,000 ആക്കി. മൂന്ന് ലക്ഷം വരെ നികുതിയില്ല. മൂന്ന് മുതൽ ഏഴു ലക്ഷം വരെ 5 ശതമാനവും, ഏഴ് മുതൽ 10 ലക്ഷം വരെ 10 ശതമാനവും, 10 മുതൽ 12 ലക്ഷം വരെ 15 ശതമാനവുമാണ് നികുതി. 12 മുതൽ 15 ലക്ഷം വരെ 20 ശതമാനം നികുതി നൽകണം. 15 ലക്ഷത്തിന് മുകളിൽ 30 ശതമാനമാണ് നികുതി. ഈ മാറ്റത്തിലൂടെ പുതിയ നികുതി സമ്പ്രദായത്തിൽ 17,500 രൂപ വരെ സമ്പാദിക്കാമെന്ന് ധനമന്ത്രി പറഞ്ഞു. നികുതിദായകരിൽ മൂന്നിൽ രണ്ട് പേരും പുതിയ നികുതി സമ്പ്രദായം സ്വീകരിച്ചുവെന്നും ആദായ നികുതി റിട്ടേൺ വൈകിയാൽ ക്രിമിനൽ നടപടി സ്വീകരിക്കില്ലെന്നും ധനമന്ത്രി അറിയിച്ചു. വിദേശസ്ഥാപനങ്ങൾക്കു കോർപ്പറേറ്റ് ടാക്സ് 35 ശതമാനമാക്കി കുറച്ചു. പഴയ പെൻഷൻ പദ്ധതിയിൽ മാറ്റമില്ല. പുതിയ പദ്ധതിയിൽ മാറ്റങ്ങൾ വരുത്താൻ നടപടികൾ പുരോഗമിക്കുന്നു. കസ്റ്റംസ് ഡ്യൂട്ടി നിരക്കുകൾ പുനപരിശോധിക്കും

രാജ്യത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുമെന്ന് ധനമന്ത്രി പറഞ്ഞു. നാല് കോടി യുവാക്കൾക്ക് തൊഴിലസവരം ലക്ഷ്യമിട്ട് നൈപുണ്യ നയം വികസിപ്പിക്കും. ഇതിനായി അഞ്ച് വർഷത്തേക്ക് 2.5 ലക്ഷം കോടി രൂപ നീക്കി വെയ്ക്കുമെന്നും ധനമന്ത്രി പറഞ്ഞു.

കാർഷിക മേഖലയ്ക്ക് 1.52 ലക്ഷം രൂപ വകയിരുത്തി. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന 109 വിളകൾ കർഷകർക്ക് ലഭ്യമാക്കും.

വിദ്യാഭ്യാസ, നൈപുണ്യ മേഖലകൾക്ക് 1.48 ലക്ഷം കോടി രൂപ ബജറ്റിൽ വകയിരുത്തി. പത്ത് ലക്ഷം രൂപ വിദ്യാഭ്യാസ വായ്പാ സഹായം നൽകും. കൂടുതൽ വർക്കിംഗ് വിമൺ ഹോസ്റ്റലുകൾ യാഥാർത്ഥ്യമാക്കും. കൂടുതൽ ക്രഷുകൾ ആരംഭിക്കും. ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് പലിശരഹിത ഇ- വൗച്ചറുകൾ അനുവദിക്കും.

മൂന്ന് വർഷത്തിനകം 400 ജില്ലകളിൽ ഡിജിറ്റൽ വിള സർവെ നടത്തും. ആറ് കോടി കർഷകരുടെയും ഭൂമിയുടെയും വിവരം ശേഖരിക്കും. ഇത് കർഷക ഭൂമി രജിസ്ട്രിയിൽ ഉൾപ്പെടുത്തും.

അഞ്ച് വർഷം കൊണ്ട് 20 ലക്ഷം യുവാക്കൾക്ക് നൈപുണ്യ പരിശീലനം നല്കും. ആയിരം വ്യവസായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

എണ്ണക്കുരുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ നവീന പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചു. MSME കൾക്ക് ഈടില്ലാതെ വായ്പ നല്കും. ഇതിന് പ്രത്യേക സഹായഫണ്ടായി ആയിരം കോടി വകയിരുത്തി. ചെറുകിട- ഇടത്തരം മേഖലയ്ക്ക് 100 കോടി രൂപയുടെ ധനസഹായം. വനിതാ- ശാക്തീകരണ പദ്ധതികൾക്ക് മൂന്ന് ലക്ഷം കോടി. 500 വൻകിട കോർപറേറ്റ് സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തിനകം ഒരു കോടി യുവാക്കൾക്ക് ഇന്റേൺഷിപ്പിന് സൗകര്യമൊരുക്കും. 5,000 രൂപ സ്റ്റൈപന്റായി നൽകും.

ഒരു കോടി വീടുകൾക്കു കൂടി സോളാർ പദ്ധതി സ്ഥാപിക്കാൻ സഹായം നൽകും. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന നാലാം ഘട്ടം അവതരിപ്പിക്കും. 25,000 ഗ്രാമീണ മേഖലകളിൽ റോഡുകൾ നിർമ്മിക്കും. നഗരപ്രദേശങ്ങളിലെ ഭൂരേഖകൾ ഡിജിറ്റൽവത്ക്കരിക്കും. 12 വ്യവസായ പാർക്കുകൾ കൂടി ഉടൻ യാഥാർത്ഥ്യമാക്കും.

പ്രധാനമന്ത്രി ആവാസ് യോജനയിൽ രണ്ട് കോടി വീടുകൾ നിർമ്മിച്ചു നൽകും. നഗര - ഭവന പദ്ധതിക്ക് പത്ത് ലക്ഷം കോടി രൂപ വകയിരുത്തി.

ഗ്രാമീണ ഇന്ത്യയുടെ വികസനത്തിന് 2.66 ലക്ഷം കോടി പ്രഖ്യാപിച്ചു. തെരുവ് കച്ചവടക്കാരെ സഹായിക്കാൻ പ്രത്യേക പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്.

30 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള 14 വൻ നഗരങ്ങളിൽ ഗതാഗത വികസന പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചു.

മരുന്നുകൾക്ക് വില കുറയും. മൂന്ന് കാൻസർ മരുന്നുകൾക്ക് കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കും. എക്സറേ ട്യൂബുകൾക്ക് തീരുവ കുറച്ചു.

25 ധാതുക്കൾക്ക് കസ്റ്റംസ് തീരുവ ഒഴിവാക്കി. മൊബൈൽ ഫോണുകൾക്കും ചാർജറുകൾക്കും 15 ശതമാനം നികുതിയിളവ്. സ്വർണത്തിനും വെള്ളിയ്ക്കും കസ്റ്റംസ് തീരുവ ആറു ശതമാനമാക്കി കുറച്ചു. അമോണിയം നൈട്രേറ്റിന്റെ തീരുവ കുറച്ചു. ലെതറിനും തുണിയ്ക്കും വില കുറയും.

പ്ലാസ്റ്റിക്കിന് നികുതി കൂട്ടി. PVC, ബാനറുകൾ എന്നിവയ്ക്ക് വില കൂടും. സ്റ്റാർട്ടപ്പുകൾക്ക് ഏഞ്ചൽ ടാക്സ് എല്ലാ വിഭാഗത്തിലും ഒഴിവാക്കി.

സമുദ്രോൽപന്നങ്ങളുടെ കയറ്റുമതി വർധിപ്പിക്കാൻ നികുതിയിളവ് നൽകും. മത്സ്യങ്ങൾക്കു തീറ്റ ഉൾപ്പടെ 3 ഉൽപന്നങ്ങൾക്ക് നികുതി കുറയ്ക്കും. ചെമ്മീൻ തീറ്റയ്ക്ക് ഉൾപ്പടെ വില കുറയ്ക്കും.

ഈ വർഷവും വരും വർഷങ്ങളിലുമായി ഗവൺമെന്റിന്റെ ഒൻപത് മുൻഗണനാ വിഭാഗങ്ങൾ ധനമന്ത്രി പ്രഖ്യാപിച്ചു. കാർഷിക മേഖലയിലെ ഉത്പാദന ക്ഷമത, പ്രതിരോധശേഷി, തൊഴിൽ, നൈപുണ്യം, നഗര വികസനം, ഊർജ്ജസുരക്ഷ, വരുംതലമുറ പരിഷ്ക്കാരം തുടങ്ങിയവ ഇതിലുൾപ്പെടുന്നു. തൊഴിലും നൈപുണ്യവും സുഗമമാക്കുന്നതിന് രണ്ട് ലക്ഷം കോടി രൂപയുടെ അഞ്ച് പദ്ധതികളടങ്ങിയ പ്രധാനമന്ത്രി പാക്കേജും ധനമന്ത്രി പ്രഖ്യാപിച്ചു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച തിളങ്ങുകയാണെന്നും വരും വർഷങ്ങളിലും അത് നിലനിൽക്കുമെന്നും ധനമന്ത്രി പറഞ്ഞു. പാവപ്പെട്ടവരിലും , സ്ത്രീകളിലും, യുവാക്കളിലും , കർഷകരിലും നാം ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും ധനമന്ത്രി പറഞ്ഞു.

നിർമ്മലാ സീതാരാമൻ തുടർച്ചയായി ഏഴാം തവണയാണ് പാർലമെന്റിൽ ബജറ്റ് അവതരിപ്പിക്കുന്നത്. ലോക്സഭയിൽ ബജറ്റ് അവതരിപ്പിച്ചശേഷം രാജ്യസഭയിലും ബജറ്റ് മേശപ്പുറത്തു വെയ്ക്കും.

✪✪✪

സ്വാതന്ത്ര്യ സമര സേനാനിയും വിപ്ലവകാരിയുമായിരുന്ന ചന്ദ്രശേഖർ ആസാദിന്റെ ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ നേർന്നു. അചഞ്ചലമായ ധൈര്യവും പ്രതിബദ്ധതയുമുള്ള നിർഭയനായ നായകനായിരുന്നു ആസാദെന്ന് അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

അദ്ദേഹത്തിന്റെ ആശയങ്ങളും ചിന്തകളും ദശലക്ഷക്കണക്കിന് ആളുകളുടെ, പ്രത്യേകിച്ച് യുവാക്കളുടെ ഹൃദയത്തിലും മനസ്സിലും പ്രതിധ്വനിക്കുന്നതായും നരേന്ദ്ര മോദി കൂട്ടിച്ചേർത്തു.

✪✪✪

ബാങ്കുകൾ ഉപഭോക്തൃ പരാതികൾ ഗൗരവമായി കാണണമെന്ന് RBI ഡെപ്യൂട്ടി ഗവർണർ M രാജേശ്വര റാവു നിർദ്ദേശിച്ചു. ബാങ്കുകളുടെ പ്രവർത്തനത്തിന്റെ ഫീഡ്ബാക്കായി ഇവ പരിഗണിക്കണം. മുംബൈയിൽ ബാങ്കിംഗ് ഫിനാൻഷ്യൽ സർവീസസ് ആന്റ് ഇൻഷുറൻസ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു രാജേശ്വര റാവു.

✪✪✪

ജമ്മുകശ്മീരിലെ രജൗരി ജില്ലയിൽ ഭീകരരുടെ നുഴഞ്ഞു കയറ്റ ശ്രമം സൈന്യം തകർത്തു. ഒരു സൈനികന് പരിക്കേറ്റു.

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനായി തെരച്ചിൽ തുടരുന്നു . കൂടുതൽ നാവികസേനാംഗങ്ങളും, ആധുനിക ഉപകരണങ്ങളും ഉപയോഗിച്ചാണ് ഇന്നത്തെ തിരച്ചിൽ . അർജ്ജുനെ കാണാതാ യിട്ട് ഇന്ന് എട്ടാം ദിവസമാണ്.

റഡാർ സിഗ്നൽ പ്രകാരം ഇന്നലെ കരയിൽ തിരച്ചിൽ നടത്തിയെങ്കിലും ലോറി കണ്ടെത്താനായില്ല. തീരത്തു നിന്നു മാറി പുഴയുടെ എട്ടു മീറ്റർ ആഴത്തിൽ ലഭിച്ച സിഗ്നൽ കേന്ദ്രീകരിച്ചായിരിക്കും ഇന്നത്തെ തിരച്ചിൽ.

✪✪✪

അതിനിടെ' ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ സ്ത്രീയുടെ മൃതദേഹം കണ്ടെത്തി. 12 കിലോമീറ്റർ അകലെ ഗോകർണയിലാണ് മൃതദേഹം കണ്ടെത്തിയത്.

✪✪✪

കർണാടകയിൽ ഷിരൂരിൽ മണ്ണിടിച്ചിലുണ്ടായ സ്ഥലം ' എം എൽ എ മാരായ ലിന്റോ ജോസഫ്, സച്ചിൻ ദേവ് എന്നിവർ സന്ദർശിച്ചു. ജില്ലാ കലക്ടറുമായി ആശയവിനിമയം നടത്തുമെന്ന് എംഎൽഎമാർ പറഞ്ഞു.

✪✪✪

നിപ രോഗ ബാധയുടെ പേരിൽ അതിർത്തികളിൽ കേരളത്തിൽ നിന്ന് വരുന്ന യാത്രക്കാരെ തമിഴ്നാട് തടഞ്ഞു വെച്ചു പരിശോധിക്കുന്നത് തെറ്റായ കാര്യമെന്ന് മന്ത്രി വീണ ജോർജ്ജ് പറഞ്ഞു. മലപ്പുറം കലക്ടറേറ്റിൽ നിപ അവലോകന യോഗത്തിനുശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടയുടൻ ആരോഗ്യ സെക്രട്ടറിയുമായി സംസാരിച്ചിട്ടുണ്ട്. ഇതൊഴിവാക്കാൻ ഗവൺമെന്റ് തമിഴ്നാടുമായി ആശയവിനിമയം നടത്തും. കേരളത്തിൽ റിപ്പോർട്ട് ്െചയ്യപ്പെടുന്ന പല അസുഖങ്ങളും പുറത്തു നിന്നുള്ളവർക്കാണെന്നും മന്ത്രി പറഞ്ഞു.

ഇടുക്കിയിൽ റിപ്പോർട്ട് ചെയ്ത മലമ്പനികേസുകളിൽ ഒന്നുപോലും കേരളത്തിനിന്നുള്ളവരല്ല. എന്നാൽ, ഇത്തരം സന്ദർഭങ്ങളിൽ കേരളം പുരോഗമനപരമായ സമീപനമാണ് എപ്പോഴും കൈകൊണ്ടിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു.

✪✪✪

നിപ പരിശോധന സൗകര്യങ്ങളോടു കൂടിയ മൊബൈൽ BSL-3 ലാബ് കോഴിക്കോട്ടെത്തിച്ചു. പൂനെ നാഷനൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് മൊബൈൽ ലാബ് കൊണ്ടുവന്നത്. ഇന്നലെ രാവിലെ എത്തേണ്ടിയിരുന്ന ലാബ്, മഴയും റോഡ് തടസ്സങ്ങളും മൂലം വൈകിയാണ് കോഴിക്കോട് എത്തിയത്.

ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ സംഘം ഇന്നലെ കോഴിക്കോട് മെഡിക്കൽ കോളേജ് സന്ദർശിച്ചു. മെഡിക്കൽ കോളേജിലെ വൈറോളജി ലാബ് നേരിൽക്കണ്ട് സ്ഥിതിഗതികൾ വിലയിരുത്തി. മെഡിക്കൽ കോളേജ് പ്രിൻസിപ്പലുമായി നിപ പ്രതിരോധ സംവിധാനങ്ങളെ കുറിച്ചും, ഒരുക്കങ്ങളെ കുറിച്ചും സംഘം ചർച്ച നടത്തി.

തുടർന്ന് മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് സംഘം യാത്ര തിരിച്ചു. ലാബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനു വേണ്ടി ICMR സംഘം വീണ്ടും കോഴിക്കോട് മെഡിക്കൽ കോളേജിലെത്തും.

✪✪✪

ദാംബുള്ളയിൽ ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഗ്രൂപ്പ് A യിൽ ഇന്ന് ഇന്ത്യ - നേപ്പാളിനെ നേരിടും. വൈകിട്ട് ഏഴിനാണ് മത്സരം. മറ്റൊരു മത്സരത്തിൽ ഉച്ചയ്ക്ക് രണ്ടിന് പാകിസ്ഥാൻ - UAE യുമായി ഏറ്റുമുട്ടും.

✪✪✪

ഓസ്ട്രിയ ഓപ്പൺ ടെന്നീസിൽ ഇന്ത്യയുടെ സുമിത് നാഗൽ പ്രീക്വാർട്ടറിൽ കടന്നു. സ്ലോവാക്യയുടെ ലൂക്കാസ് ക്ലീനിനെയാണ് അദ്ദേഹം തോൽപ്പിച്ചത്. നാളെ സ്പാനിഷ് താരത്തെയാണ് നാഗൽ നേരിടുക.

✪✪✪

ഇന്ത്യയുടെ ആദ്യ വ്യക്തിഗത ഒളിമ്പിക് സ്വർണ്ണ മെഡൽ ജേതാവ് അഭിനവ് ബിന്ദ്രയ്ക്ക് ഒളിമ്പിക് ഓർഡർ നൽകാൻ അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി എക്സിക്യൂട്ടീവ് ബോർഡ് തീരുമാനിച്ചു. അടുത്ത

മാസം പാരീസിൽ നടക്കുന്ന 142-ാമത് IOC സെഷനിൽ പുരസ്കാരം സമ്മാനിക്കും. ഒളിമ്പിക്സിൽ നൽകിയ വിശിഷ്ട സംഭാവനകൾക്ക് IOC നൽകുന്ന പരമോന്നത ബഹുമതിയാണ് ഒളിമ്പിക് ഓർഡർ.

✪✪✪

കോഴിക്കോട് നടുവണ്ണൂർ പഞ്ചായത്ത് മുൻ പ്രസിഡന്റ് കെ.കെ മാധവൻ നിര്യാതനായി. അദ്ദേഹത്തിന് 87 വയസ്സായിരുന്നു.

ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്നായിരുന്നു അന്ത്യം. കെ.കെ. രമ എംഎൽഎയുടെ പിതാവാണ് '. സംസ്കാരം വൈകിട്ട് വീട്ടു വളപ്പിൽ നടക്കും.

✪✪✪

വടക്കൻ ജില്ലകളിൽ ശനിയാഴ്ച്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി .

കർണാടക തീരത്ത് വെള്ളിയാഴ്ച വരെ മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കേരള- തമിഴ്നാട് - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് രാത്രി പതിനൊന്നര വരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടന്ന് ദേശീയ സമുദ്ര സ്ഥിതി പഠനഗവേഷണ കേന്ദ്രവും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

സേലം ഡിവിഷനിൽ ട്രാക്കിലെ അറ്റകുറ്റപണി കളെത്തുടർന്ന് ഏതാനും ട്രെയിനുകൾ വഴിതിരിച്ചുവിടുമെന്ന് റെയിൽവേ അറിയിച്ചു.

ആലപ്പുഴ-ധൻബാദ് എക്സ്പ്രസ്സും, എറണാകുളം-KSR ബംഗളുരു ഇന്റർസിറ്റി സൂപ്പർഫാസ്റ്റ് എക്സ്പ്രസ്സും, നാളെയും, ഞായറാഴ്ചയും പോത്തന്നൂർ ജംഗ്ഷൻ വഴി തിരിച്ചുവിടും.

കോയമ്പത്തൂർ- ഷൊർണുർ മെമു സ്പെഷ്യൽ നാളെയും ഞായറാഴ്ചയും പോത്തന്നൂർ ജംഗ്ഷനിൽ നിന്നാവും സർവീസ് ആരംഭിക്കുക.

മംഗളുരു സെൻട്രൽ - Dr. MGR ചെന്നൈ സെൻട്രൽ വെസ്റ്റ് കോസ്റ്റ് സൂപ്പർഫാസ്റ് എക്സ്പ്രസ്സിന് മറ്റന്നാളും, ഈ മാസം 30നും യാത്രയ്ക്കിടെ 30 മിനിറ്റ് സമയക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

കണ്ണൂർ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മണ്ണാത്തികുണ്ട് സ്വകാര്യ വ്യക്തിയുടെ ഫാമിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. ഫാമിലെയും, ഒരു കിലോ മീറ്റർ ചുറ്റളവിലെയും മുഴുവൻ പന്നികളെയും അടിയന്തിരമായി ഉന്മൂലനം ചെയ്ത് മാനദണ്ഡങ്ങൾ പ്രകാരം സംസ്കരിക്കാൻ ജില്ലാ കലക്ടർ ഉത്തരവിട്ടു. ഫാം ഉൾപ്പെടുന്ന ഒരു കിലോമീറ്റർ പ്രദേശം രോഗ ബാധിത മേഖലയായിും, 10 കീലോമീറ്റർ ചുറ്റളവ് രോഗ നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചു. ഈ പ്രദേശങ്ങളിൽ പന്നിമാംസം വിതരണം ചെയ്യുന്ന മാംസശാലകളുടെ പ്രവർത്തനവും, പന്നികളെ ജില്ലയിലെ മറ്റു പ്രദേശങ്ങളിൽ കൊണ്ടുപോകുന്നതും മൂന്ന് മാസത്തേക്ക് നിരോധിച്ചു.

പന്നിപനിയെ തുടർന്ന് ദയാവധം ചെയ്ത 701 പന്നികൾക്കും, നശിപ്പിച്ച തീറ്റക്കും നഷ്ടപരിഹാരമായി 36 ലക്ഷത്തി 4, 810 രൂപ മന്ത്രി J.ചിഞ്ചുറാണി ഇന്നലെ വിതരണം ചെയ്തു.

✪✪✪

സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിന്റെ രണ്ടാം സപ്ലിമെന്ററി അലോട്മെന്റിന് അപേക്ഷ ഇന്ന് കൂടി പുതുക്കി നൽകാം. സ്കൂളുകളിൽ ഒഴിവ് വന്ന സീറ്റുകൾ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. വൈകിട്ട് അഞ്ച് വരെയാണ് അപേക്ഷ പുതുക്കി നൽകാൻ സമയം നൽകിയിരിക്കുന്നത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 53,960 രൂപയായി, 6745 രൂപയാണ് ഗ്രാമിന്.

✪✪✪